# അസാപ്പ് സമ്മർ സ്കിൽ സ്കൂൾ പ്രോഗ്രാം 2016

സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലും, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും നടപ്പാക്കിവരുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം(ASAP), 2016 ഏപ്രിൽ, മെയ് മാസങ്ങളിൽ **"സമ്മർ സ്കിൽ സ്കൂൾ"** എന്ന പേരിൽ അവധിക്കാല നൈപുണ്യ പരിശീലനം നടത്തുന്നു. അസാപ്പിന്റെ റഗുലർ കോഴ്സിൽ ചേർന്നു പഠിക്കാൻ കഴിയാത്തവരും ഉടനെ ജോലി ആവശ്യമുള്ളവരുമായ വിദ്യാർത്ഥികൾക്കാണ് സമ്മർ സ്കിൽ സ്കൂളിൽ പ്രവേശനം ലഭിക്കുക. ഈ വർഷത്തെ സമ്മർ സ്കിൽ സ്കൂൾ പ്രോഗ്രാം അസാപ്പിന്റെ സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ, തെരഞ്ഞെടുത്ത ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ, മറ്റു നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലാണ് നടപ്പാക്കുന്നത്. രണ്ടാം വർഷ ഹയർ സെക്കന്ററിയിലും അവസാന വർഷ ഡിഗ്രി ക്ലാസുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമ്മർ സ്കിൽ സ്കൂൾ പ്രോഗ്രാം 2016 ലേക്ക് അപേക്ഷിക്കാവുന്നതാണ്.

2016 ഏപ്രിൽ 2 മുതൽ 2016 മെയ് 31 വരെ ആണ് സമ്മർ സ്കിൽ സ്കൂളിലെ പരിശീലനകാലം. പരിശീലനത്തിന്റെ ഭാഗമായ ഇന്റേൺഷിപ്പ് 2016 ജൂൺ മാസത്തിലാണ്. സമ്മർ സ്കിൽ സ്കൂളിൽ പരിശീലനം നേടാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **25-01-2016 മുതൽ 10-02-2016** വരെ അസാപ്പ് വെബ്സൈറ്റിലുള്ള സമ്മർ സ്കിൽ സ്കൂൾ പ്രോഗ്രാം(Summer Skill Skool) എന്ന ലിങ്കിൽ ഓൺലൈനായി അപേക്ഷ നൽകേണ്ടതാണ്. കോഴ്സുകൾ നടക്കുന്ന സ്ഥാപനങ്ങൾ, ഫീസിന്റെ വിശദാംശങ്ങൾ എന്നിവ അസാപ്പ് വെബ്സൈറ്റിൽ ലഭ്യമാണ് www.asapkerala.gov.in. അസാപ്പിന്റെ 109 സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ സർക്കാർ/എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, തെരഞ്ഞടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അപേക്ഷ സമർപ്പിക്കാനുള്ള സൗകര്യമുണ്ട്. സ്കിൽ ഡവലപ്മെന്റ് സെന്ററുകളിൽ അപേക്ഷാ സമർപ്പണം പൂർണ്ണമായും സൗജന്യമാണ്.

2016 ഫെബ്രുവരി 13,14 തീയതികളിൽ സ്കിൽ ഡവലപ്മെന്റ് സെന്ററുകളിൽ നടക്കുന്ന രജിസ്ട്രേഷൻ വഴിയാണ് വിദ്യാർത്ഥികളെ കോഴ്സിലേക്ക് തെരഞ്ഞെടുക്കുന്നത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസ് ആയി 250 രൂപ അടക്കേണ്ടതാണ്. നൈപുണ്യ പരിശീലനമാരംഭിക്കുന്നതിനു മുൻപായി ഫീസ് സൗജന്യത്തിനർഹരല്ലാത്ത വിദ്യാർത്ഥികൾ ഒന്നാം ഗഡു ഫീസ് അടച്ച് പരിശീലനത്തിന് ചേരേണ്ടതാണ്.

വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനങ്ങളിലെ മേലധികാരികൾ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്.